# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3310** **22/08/2017-ന് മറുപടിക്ക്**

**<u>സംസ്ഥാനത്തെ ആശ്രിത നിയമനങ്ങൾ</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.എസ്.ശബരീനാഥൻ

**<u>ഉത്തരം</u>**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇതിനായി മാറ്റിവയ്ക്കുന്ന ഒഴിവുകൾ എത്ര ശതമാനമെന്നും ഏതൊക്കെ തസ്തികകളിലേക്കാണ് നിയമിക്കുന്നതെന്നും നിയമനങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | 24.05.1999 ലെ G.O.(P) 12/99/P&ARD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സംസ്ഥാനത്ത് നിലവിൽ ആശ്രിത നിയമനം നടത്തി വരുന്നത്. ടി ഉത്തരവ് പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതന് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പ്) തന്നെ നിയമനം നൽകുന്നതിന് നിശ്ചിത ശതമാനം/ക്വാട്ടാ നിശ്ചയിച്ചിട്ടില്ല. നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകേണ്ടതാണ്. മാതൃ വകുപ്പിൽ നിലവിലില്ലാത്തതും എന്നാൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുവാൻ കഴിയുന്നതുമായ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിലേക്കായി അതാത് വകുപ്പുകൾ നിശ്ചിത ശതമാനം ഒഴിവുകൾ പൊതുഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ്) സെല്ലിൽ എല്ലാ വർഷവും |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യണമെന്നും മേൽ ഉത്തരവിൽ വ്യവസ്ഥയുണ്ട്. Class III, Class IV, Last Grade Service, Part time Contingent Service എന്നിങ്ങനെയുള്ള എൻട്രി കേഡർ തസ്തികകളിലേക്കാണ് ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനം നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | വിവിധ വകുപ്പുകളിൽ മാനദണ്ഡങ്ങൾ ലംഘിച്ച് ആശ്രിത നിയമനങ്ങൾ നേടിയവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ; ആഭ്യന്തര വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിലേയ്ക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ഇത്തരത്തിൽ നിയമനം നല്കി അവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നത് വഴി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ ജോലി സാധ്യത നഷ്ടപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് | | |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനായി കർശന നിലപാടുകൾ സ്വീകരിയ്ക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ